പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2157 07.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാരുടെ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ കുറവുമൂലം ദിവസേന ശരാശരി എത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ആകെ മുടങ്ങുന്നത്; ഇതുവഴി എത്ര രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്നത്; വ്യക്തമാക്കുമോ; | (എ) | ഡ്രൈവർമാർ കൃത്യമായി ജോലിക്ക് വരാത്തതുമൂലം പ്രതിദിനം ശരാശരി 85 വരെ ഷെഡ്യൂളുകൾ മുടങ്ങാറുണ്ട്. തന്മൂലം 10,20,000 രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഡ്രൈവർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഈ തസ്തികയിൽ എം.പാനൽ വഴി നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി ഒഴിവുകൾ 24.09.2013-ലും, 285 പുതിയ ഒഴിവുകൾ 01.09.2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ, 06.08.2015-ലും കേരളാ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പുതുതായി 498 ഡ്രൈവർമാരുടെ ഒഴിവുകളുണ്ട്. പുതുതായി എംപാനൽ ഡ്രൈവർമാർക്ക് നിയമനം നൽകിയിട്ടില്ല. |
| (സി) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസുകളും, ഷെഡ്യൂളുകളുമാണ് ഇപ്പോഴുള്ളത്; ഡ്രൈവർമാരുടെ അഭാവം മൂലം ശരാശരി എത്ര ഷെഡ്യൂളുകളാണ് ദിവസവും | (സി) | റാന്നി കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്ററിൽ ജൻറം ഉൾപ്പെടെ 14 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 18 കെ.എസ്.ആർ.ടി.സി ബസുകളും 1 ജൻറം ബസുമാണ് നിലവിലുള്ളത്. ഡ്രൈവർമാർ കൃത്യമായി ജോലിക്ക് |

| | | | |
|---|---|---|---|
| | വെട്ടിക്കുറയ്ക്കുന്നത്; ഇതുവഴി പ്രതിദിനം എത്ര രൂപയാണ് നഷ്ടമാകുന്നത്; വ്യക്തമാക്കുമോ; | | വരാത്തതിനാൽ പ്രതിദിനം ശരാശരി 4 ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ട്. തന്മൂലം പ്രതിദിനം ശരാശരി 48,000 രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. |
| (ഡി) | മറ്റ് ഡിപ്പോകളിൽ നിന്നും റാന്നിക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുന്നവർക്ക് സ്ഥലംമാറ്റം നൽകുന്നതിനും റാന്നിയിലെ ഡ്രൈവർമാരുടെ ഒഴിവു നികത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മറ്റു ഡിപ്പോയിൽ നിന്നും റാന്നിയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളവർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ടി ഡിപ്പോയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ